# ലോക ഗുരുവിന്റെ അരുമശിഷ്യൻമാർ

## ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി

ലോക ഗുരുവിന്റെ അരുമശിഷ്യരെ സംബന്ധിച്ച പഠനത്തിലായിരുന്നു നാമിതുവരെ. വിശുദ്ധ ഖുർആനിന്റെ ആയത്തുകൾക്കിടയിലൂടെ നാമൊരുപാടു നടന്നു. വിശുദ്ധരായ സ്വഹാബത്തിന് അല്ലാഹു നൽകിയ സത്യസാക്ഷ്യങ്ങളും, അനുമോദനങ്ങളും, ആശിർവാദങ്ങളും നാം കൺനിറയെ കാണുകയുണ്ടായി. അവർ സത്യസന്ധരായിരുന്നു. ഈമാൻ അവരുടെ ഹൃദയത്തിൽ രൂഢമൂലമായിരുന്നു. അല്ലാഹുവിന്നുള്ള ആരാധനാ നിർവഹണത്തിൽ അനുസരണയുള്ളവരും ആത്മാർഥതയുള്ളവരുമായിരുന്നു അവർ. ആദർശമാർഗത്തിൽ ഹിജ്റയിലൂടെ, യുദ്ധങ്ങളിലൂടെ, ദീനീ സേവനങ്ങളിലൂടെ ത്യാഗം ചെയ്ത മഹത്തുക്കൾ. മനുഷ്യർക്ക് നന്മകളുപദേശിച്ചും അവരെ തിന്മകളിൽ നിന്ന് വിലക്കിയും സന്മാർഗ്ഗപാതയിൽ ആ സച്ചരിതർ മത്സരിച്ചോടി. അവരെ വെല്ലാൻ, അവരെ മുൻകടക്കാൻ ലോകത്തൊരാൾക്കും ആകില്ല എന്നതാണ് സത്യം. തന്റെ യഥാർത്ഥ ദാസന്മാരായിരുന്നു സ്വഹാബികൾ എന്നതുകൊണ്ടു തന്നെ വരുംകാല തലമുറയുടെ മനസ്സിൽ സൽവിചാരമുണ്ടാകും വിധമാണ് അല്ലാഹു സുബ്ഹാനഹു വ തആല തന്റെ പവിത്രഗ്രന്ഥത്തിലൂടെ അവരെ പരിചയപ്പെടുത്തിയിട്ടുള്ളത്. ചിലത് ശ്രദ്ധിക്കുക:

أُولَئك هم الراشدونَ (الحجرات: 7)

‘‘അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ.’’ (ഹുജുറാത്ത്: 7)

أُولَئك هم الصادقُونَ (الحشر: 8)

‘‘അവർ തന്നെയാകുന്നു സത്യവാൻമാർ.’’ (ഹശ്ർ: 8)

وأُولَئك من الصالحين (آل عمران: 114)

‘‘അവർ സജ്ജനങ്ങളിൽ പെട്ടവരാകുന്നു.’’ (ആലു ഇംറാൻ: 114)

أُولَئك هم الْمؤمنونَ حقا (الأنفال: 74)

‘‘അവർ തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ.’’ (അൻഫാൽ: 74)

وأُولَئك هم الْمفْلحونَ (التوبة: 88)

‘‘അവർ തന്നെയാണ് വിജയം പ്രാപിച്ചവർ.’’ (തൗബ: 88)

لَقَد رضي الله عنِ الْمؤمنِين إِذْ يبايعونك تحت الشجرة (الفتح: 18)

‘‘ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു.’’ (ഫത്ഹ്: 18)

والسابِقُونَ الْأَولُونَ من الْمهاجِرِين والْأَنصارِ والذين اتبعوهم بِإِحسان رضي الله عنهم ورضوا عنه (التوبة: 100)

‘‘മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു.’’ (തൗബ: 100)

لَقَد تاب الله علَى النبِي والْمهاجِرِين والْأَنصارِ الذين اتبعوه في ساعة الْعسرة (التوبة: 117)

''തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു.'' (തൗബ: 117)

وكُلًا وعد الله الْحسنى (الحديد: 10)

''എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.'' (ഹദീദ്: 10)

لَهم مغفرةٌ ورزق كَريم (الأنفال: 74)

''അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.'' (അൻഫാൽ: 74)

يبشرهم ربهم برحمة منه ورضوان وجنات لَهم فيها نعيم مقيم (التوبة: 21)

''അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്.'' (തൗബ: 21)

أعد الله لَهم جنات تجري من تحتها الْأنهار (التوبة: 89)

''അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെച്ചിരിക്കുന്നു.'' (തൗബ: 89)

لَكنِ الرسولُ والذين آمنوا معه جاهدوا بِأموالهم وأَنفُسِهم وأُولَئك لَهم الْخيرات وأُولَئك هم الْمفْلحونَ * أعد الله لَهم جنات تجري من تحتها الْأنهار خالدين فيها ذَلك الْفَوز الْعظيم (التوبة: 88، 89)

''പക്ഷെ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം.'' (തൗബ: 88, 89)

وعد الله الذين آمنوا منكُم وعملُوا الصالحات لَيستخلفَنهم في الْأرضِ كَما استخلَف الذين من قَبلهم ولَيمكنن لَهم دينهم الذي ارتضى لَهم ولَيبدلَنهم من بعد خوفهم أَمنا يعبدونني لَا يشرِكُونَ بِي شيئًا (النور: 55)

''നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ.'' (നൂർ: 55)

ചുരുക്കത്തിൽ, അല്ലാഹുവിനാൽ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട, സ്വർഗം വാഗ്ദാനം നൽകപ്പെട്ട, തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെട്ട പ്രവാചകശിഷ്യന്മാർ ആക്ഷേപിക്കപ്പെടേണ്ടവരോ, അവമതിക്കപ്പെടേണ്ടവരൊ അല്ല. സ്ഥാപിത താത്പര്യക്കാരായ റാഫിദിക്കൂട്ടം പറഞ്ഞു പരത്തുന്നതുപോലെ, പ്രവാചക വിയോഗാനന്തരം മതഭ്രഷ്ടരായിരുന്നില്ല അവർ. മരണംവരെ വിശുദ്ധ ദീനിന്റെ മാർഗത്തിൽ മഹാമേരുക്കളായി നിലകൊണ്ടവരാണവർ. അവരിലൂടെയാണ് ഇസ്‌ലാമിന്റെ ദീപ്തി ദുനിയാവ് മുഴുവൻ വ്യാപ്തമായത്. അതിന്റെ വെൺപതാകകൾ ലോകമെമ്പാടും പാറിനിന്നത്. പിൽകാലക്കാർക്ക് സുകൃതം ചെയ്തു കൊണ്ട് പിന്തുടരാൻ യോഗ്യതയുള്ള മാതൃകകളാണ് സ്വഹാബികൾ എന്ന് നാമിതിനകം മനസ്സിലാക്കിക്കഴിഞ്ഞു.

അതിനാൽ സഹാബികളോടുള്ള വിശ്വാസികളുടെ നിലപാട് ഖുർആൻ പ്രഖ്യാപിച്ച വിധം നടപ്പിലാക്കുക എന്നതാണ് ഇനിയത്തെ നമ്മുടെ ധർമ്മം. കപടന്മാർക്കും കാപാലികന്മാർക്കും കാതുനൽകാതെ, ലോകനിയന്താവിന്റെ വിശുദ്ധ വചനങ്ങൾക്ക് വഴിപ്പെടുക. വിശുദ്ധ സ്വഹാബത്തിന്റെ പിൻഗാമികളായ നമ്മെപ്പറ്റി അല്ലാഹു പറഞ്ഞ സവിശേഷത എന്താണെന്നല്ലെ;

الذين جاءُوا من بعدهم يقُولُونَ ربنا اغْفر لنا ولإخواننا الذين سبقُونا بِالْإيمان ولَا تجعلْ في قُلُوبنا غلا للـذين آمنوا ربنا إنك رءُوف رحيم (الحشر: 10)

''അവരുടെ ശേഷം വന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസ ത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയു മാകുന്നു.'' (ഹശ്ർ: 10)

നാം നെഞ്ചേറ്റുന്ന, നമുക്ക് പരിചയമുള്ള ഖുർആനിന്റെ സഹാബികളെ സംബന്ധിച്ച സത്യസന്ധ മായ പരാമർശങ്ങളാണ് നാം വായിച്ചത്. അസത്യവാദികളുടെ സകല ദുർന്യായങ്ങളേയും ആമൂലാഗ്രം തകർക്കുന്ന പ്രസ്താവനകൾ. അല്ലാഹു അക്ബർ.

പ്രവാചക ശ്രേഷ്ഠനിലും അവിടുത്തെ കുടുംബത്തിലും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സമാധാനങ്ങളുമുണ്ടാകട്ടെ. നന്മയിൽ നമ്മെ മുൻകടന്ന സച്ചരിതരായ മുഴുവൻ സഹാബികളിലും അവന്റെ അനുഗ്രഹാശിസ്സുകളുണ്ടാകട്ടെ. ആമീൻ

**സ്വഹാബത്തിനോടുള്ള ശിയാ സമീപനം**

വിശുദ്ധ ഖുർആനിലൂടെയുള്ള അല്പം സുദീർഘമായ ഈ പഠനയാത്ര അവസാനിപ്പിക്കുമ്പോൾ സുപ്രധാനമായ ചില കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയല്ല. മുഹമ്മദ് നബി(സ്വ)യുടെ പ്രിയശിഷ്യന്മാരോട് പകവെക്കുകയും, അവരെ മുർത്തദ്ദുകളും കാഫിറുകളുമായി അവമതിക്കുകയും ചെയ്യുന്നവർ, ദൈവിക പാതയിലൂടെ ഒരടിപോലും മുന്നോട്ട് നടക്കാൻ പറ്റാത്തവിധം തികഞ്ഞ കൂരിരുൾ കാട്ടിലാണ് അകപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ ഖുർആനിക വചനങ്ങളെ നിഷേധിക്കുകയും, അതുവഴി ഇസ്ലാമിൽ നിന്ന് ഭ്രഷ്ടരാകുകയും ചെയ്യേണ്ട ഗതികേടിലാണ് അവർ എത്തിനിൽക്കുന്നത്.

സ്വഹാബത്തിനെതിരിൽ ആക്ഷേപശരങ്ങളുമായി നിലകൊള്ളുന്നവരുടെ വിതണ്ഡ വാദങ്ങളെ തകർത്തുകളയുന്നതും, വേരൊടെ മുറിച്ചുമാറ്റുന്നതുമായ നിരവധി ഖുർആൻ ആയത്തുകൾ ഇതിനകം നാം വായിക്കുകയുണ്ടായി. പ്രമാണങ്ങളുടെ ശക്തമായ ഈ കുത്തൊഴുക്കിനുമുന്നിൽ പ്രതിയോഗികൾക്ക് എന്ത് ചെയ്യാനാണ് സാധ്യമാവുക?

പക്ഷെ, എന്നാലും നിരാശ കൈവിടാത്ത ഒരുവിഭാഗം ദൗർഭാഗ്യവാന്മാർ അവരുടെ കൂട്ടത്തിലുണ്ട്. അവരെപ്പറ്റി മുകളിൽ പലയിടങ്ങളിലും നാം സൂചിപ്പിക്കുകയുണ്ടായി. നാശവാഹനത്തിലേറി യാത്രചെയ്യുന്ന അവരാണ് ഖുർആനിന്റെ വിമർശകന്മാർ; ഖുർആനിന്റെ ആധികാരികതയിൽ സംശയം ജനിപ്പിക്കുകയും, അതിൽ അപരിഹാര്യമായ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് ആരോപിക്കുകയും ചെയ്യുന്ന ശിയാറാഫിദികൾ. അവരിലൊരാളാണ് ത്വബ്റസി. 'ലോകരക്ഷിതാവിന്റെ ഗ്രന്ഥത്തിൽ കൈകടത്തൽ നടന്നതിനുള്ള രേഖകൾ' (فصل الخطاب في إثبات تحريف كتاب رب الأربـاب) എന്ന ക്ഷുദ്രഗ്രന്ഥത്തിന്റെ കർത്താവ്. അതാണവരുടെ ആത്യന്തിക ലക്ഷ്യം. സമൂഹമധ്യത്തിൽ നിന്ന് ഈ ലക്ഷ്യം മറച്ചുവെക്കാൻ അതിന്റെ വക്താക്കൾ പെടാപാടുപെടാറുണ്ട്. ഇസ്ലാമുമായി തങ്ങൾക്കുള്ള അവസാന ബന്ധത്തേയും അറുത്തുമാറ്റുന്ന സംഗതിയാണ് അത് എന്ന് ബോധമുള്ളതു കൊണ്ടാണ് അവരതിന് മുതിരുന്നത്. മുഴുവൻ ലോകമുസ്ലിംകളുടെയും മുന്നിൽ തങ്ങളെ കാഫിറുകളും, മതഭ്രഷ്ടരും, നിരീശ്വരന്മാരുമാക്കിമാറ്റുന്ന ഗൗരവമാർന്ന പ്രശ്നമാണ് എന്നതു കൊണ്ടുമാണ്.

വിശുദ്ധ ഖുർആനിൽ കൈകടത്തലുകൾ വന്നിട്ടുണ്ട് എന്ന വിനാശകരമായ വാദമുന്നയിക്കുകയും ആ വാദത്തെ നബികുടുംബത്തിന്റെ മേൽ കെട്ടിയേൽപ്പിക്കുകയും ചെയ്തവരാണ് ഈ മതദ്വേഷികൾ. മാത്രമല്ല, നബികുടുംബത്തിന്റെ കയ്യിൽ നിലവിലുള്ള

ഖുർആനല്ലാത്ത മറ്റൊരു ഖുർആനുണ്ട് എന്ന് ജൽപ്പിക്കുകയും ചെയ്തു അവർ! 'ഫാതിമയുടെ മുസ്ഹഫ്' എന്നാണ് അവരതിന് നൽകിയ നാമം. ഇന്ന് ലോകമുസ്ലിംകൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വിശുദ്ധഖുർആനിന്റെ മൂന്നിരട്ടി വരുമത്രെ പ്രസ്തുത മുസ്ഹഫ്!! ഈ ഖുർആനിലെ ഒരു അക്ഷരം പോലും ആ മുസ്ഹഫിൽ കാണുക സാധ്യമല്ലത്രെ!!!

ശിയാറാഫിദികളുടെ ഈ വിടുവായത്തം വിശദമായി ചർച്ച ചെയ്യാനുള്ള വേദിയല്ല ഇത്. ഈ വാദം കൊണ്ട് തന്നെ ജൂത ക്രൈസ്തവ മജൂസിക്കൂട്ടത്തോടൊപ്പമാണ് അവർ പരിഗണിക്കപ്പെട്ടിട്ടുള്ളത്. മുസ്ലിം ഉമ്മത്ത് മുഴുവനും അവരെപ്പറ്റി അഭിപ്രായം പറഞ്ഞിട്ടുണ്ട്. അവരോട് സ്വീകരിക്കേണ്ട നിലപാടുകളെന്തെന്നും കാലങ്ങൾക്കുമുമ്പേ അവർ നിർണ്ണയിച്ചു തന്നിട്ടുണ്ട്. അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊൾള്ളുക എന്ന് ഉപദേശിക്കാൻ മാത്രമാണ് ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തുന്നത്. എന്തു കൊണ്ടെന്നാൽ ദേഹേച്ഛക്ക് വിധേയമാകുന്നവരാണ് സത്യത്തിൽ നിന്ന് ഏറ്റവും വേഗം ഭ്രഷ്ടരാവുക. അഹ്ലുബൈത്തിന്റെ സഹായികളും അവരെ ദ്രോഹിച്ചവരുടെ ശത്രുക്കളുമാണ് ഞങ്ങൾ എന്ന് വാദിക്കുമ്പോഴും, ഈ സംഘത്തിന്റെ അതിക്രമങ്ങളിൽ നിന്ന് നബികുടുംബം രക്ഷപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത.

അല്ലാഹുവിന്റെ റസൂലിൽ നിന്ന് പഠിച്ചെടുത്ത ഖുർആനല്ലാത്ത മറ്റൊരു ഖുർആൻ കൈവശമുള്ളവരായിരുന്നുവെന്നും, പക്ഷെ, അവരതിനെ ജനങ്ങളിൽ നിന്ന് മറച്ചുവെച്ചുവെന്നും, നൂററാണ്ടുകളോളം അതില്ലാതെയാണ് അവർ അല്ലാഹുവിനെ ആരാധിച്ചിരുന്നത് എന്നും നബി കുടുംബത്തിന്റേമേൽ വ്യാജാരോപണം നടത്തുന്നതിനേക്കാൾ, അവരോട് ചെയ്യാവുന്ന കൊടിയ പാതകം മറ്റെന്തുണ്ട്?!

സ്വന്തം കൈവശം 'യഥാർഥ' ഖുർആനുണ്ടായിട്ടും, നിലവിലുണ്ടായിരുന്ന ഖുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ട് എന്ന് ബോധ്യമുണ്ടായിരുന്നിട്ടും, അതിനെ മാറ്റി തന്റെ കയ്യിലുള്ള യഥാർഥ ഖുർആനിനെ പകരം വെക്കാൻ കഴിവും, ജനങ്ങളെക്കൊണ്ട് അത് അംഗീകരിപ്പിക്കാൻ അല്ലാഹു നൽകിയ അധികാരവും സൗകര്യവും ഉണ്ടായിരുന്നിട്ടും, മഹാനായ അലി ബ്ൻ അബീത്വാലിബ്(റ) മുസ്ലിം ഉമ്മത്തിനെ വഴികേടിൽ തന്നെ ജീവിക്കാൻ വിട്ടുകൊടുത്തു എന്ന് പറയുന്നതിനേക്കാൾ, അദ്ദേഹത്തോടു ചെയ്യാവുന്ന സാരമായ അക്രമം വേറെയേതുണ്ട്?

പടച്ച തമ്പുരാനെ ആരാധിക്കാൻ പ്രവാചക ശിഷ്യന്മാർ മുഴുവൻ നിരാക്ഷേപം ഉപയോഗിച്ചു വന്ന ഖുർആനിനേക്കാൾ മൂന്നിരട്ടി വലുപ്പമുള്ള, അതിലുള്ള ഒരു അക്ഷരത്തിന്റെ സാന്നിധ്യം പോലുമില്ലാത്ത, ഒരു ദൈവിക ഗ്രന്ഥം തന്റെ കയ്യിലുണ്ടായിരുന്നിട്ടും വിശ്വാസികൾക്കതിനെ വിട്ടുനൽകാതെ, വഴികേടിലും, കുഫ്റിലും ജീവിക്കാൻ കാരണമാകും വിധം അതിനെ പൂഴ്ത്തിവെച്ച വഞ്ചകിയായി പ്രവാചകന്റെ കരൾക്കഷ്ണമായ മഹതി ഫാതിമയെ ചിത്രീകരിക്കുന്ന ശീഈ വാദത്തേക്കാൾ, അവരോട് കാണിക്കാവുന്ന എന്ത് ക്രൂരതയാണ് ദുനിയാവിലുള്ളത്?

നബികുടുംബത്തിന്റെ കയ്യിലുള്ള മുസ്ഹഫിൽ, മുസ്ലിംകളുടെ കൈവശമുള്ള ഖുർആനിലെ ഒരു പദം പോലുമില്ലത്രെ? എങ്കിൽ ഏത് തരം അക്ഷരക്കൂട്ടു പയോഗിച്ചായിരിക്കും ആ മുസ്ഹഫ് വിരചിതമായിരിക്കുക? സുറിയാനി ഭാഷയിൽ? ഏതെങ്കിലും പുരാതന ഈജിപ്ഷ്യൻ ഭാഷകളിൽ? അതല്ലെങ്കിൽ, അക്ഷരങ്ങളും പദങ്ങളുമില്ലാത്ത മറ്റൊരു അത്ഭുത ഭാഷയിൽ? കഷ്ടമാണ് ഈ അവിവേകികളുടെ കാര്യം!

ഇവിടെയിതാ, സഹാബികളുടെ വിശുദ്ധിക്കുള്ള ഖുർആനിന്റെ സാക്ഷ്യപത്രം ചിന്താശേഷിയുള്ള അനുവാചകർക്കു മുന്നിൽ തുറന്നുവെച്ചിരിക്കുകയാണ്. പ്രവാചകന്മാരെ കഴിഞ്ഞാൽ, വിശ്വാസികളിലെ ശ്രേഷ്ഠരും, ജനനേതാക്കളും, അല്ലാഹുവിന്റെ വലിയ്യുകളുമായ സ്വഹാബത്തിനോട് ഖൽബിൽ വെറുപ്പും പകയും വെച്ചു പുലർത്താൻ മുസ്ലിമെന്നഭിമാനിക്കുന്ന ഒരാൾക്കും ഇനി സാധ്യമല്ലാത്ത വിധം സുവ്യക്തമാണ് കാര്യങ്ങൾ.

നിങ്ങളുടെ മതത്തിലെ ഏറ്റവും നികൃഷ്ടർ ആരാണ് എന്ന് ചോദിക്കുന്നവരോട്, മുഹമ്മദിന്റെ അനുയായികൾ (അല്പം പേരൊഴികെ) എന്നു മറുപടി പറയുന്നവരേ, നിങ്ങളുടെ കൈവശം ഇനി യാതൊരു രേഖയുമില്ല. നിങ്ങളുടെ ദീനിലെ ഏറ്റവും നല്ലവർ ആരാണെന്ന് ജൂതരോട് ചോദിക്കുക, മൂസാ പ്രവാചകന്റെ അനുചരന്മാരാണ് ഏറ്റവും നല്ലവർ എന്ന് അവർ പറയും. അതേ ചോദ്യം ക്രൈസ്തവരോട് ആവർത്തിക്കുക; ഈസാ

പ്രവാചകന്റെ ശിഷ്യന്മാരാണ് ഉൽകൃഷ്ടർ എന്ന് അവരുത്തരം നൽകും. പക്ഷെ, നിങ്ങൾ, നിങ്ങൾ മാത്രമെന്തേ ഇവ്വിധമായിത്തീർന്നത്?! ജൂതക്രൈസ്തവരാണ് ഇവ്വിഷയത്തിൽ ഈ റാഫിദികളേക്കാൾ നല്ലവർ! അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് സ്വന്തം ഇച്ഛകളെ മാത്രം പിൻപറ്റി ജീവിക്കുന്നവനേക്കാൾ വഴിപിഴച്ചവൻ ആരാണുള്ളത്? പ്രവാചക തിരുമേനിയുടെ ശിഷ്യഗണങ്ങൾക്ക് അല്ലാഹു നൽകിയ സാക്ഷ്യപത്രത്തെ അംഗീകരിക്കാത്ത, അതു സംബന്ധമായി അവതരിക്കപ്പെട്ട ഖുർആനിക സൂക്തങ്ങൾ കൊണ്ട് തൃപ്തിപ്പെടാത്ത ആളുകളേക്കാൾ മോശമായ അക്രമികൾ വേറെയേതുണ്ട്?

ആകയാൽ, ഖുർആൻ വായിക്കുക. പക്ഷപാത മനസ്ഥിതിയേയും മറ്റു സ്ഥാപിത താത്പര്യങ്ങളേയും മാറ്റിവെച്ച് ഖുർആനിക വചനങ്ങളെ ശ്രദ്ധാപൂർവം ചിന്തിക്കുക. അല്ലാഹുവിങ്കലേക്ക് മടങ്ങിച്ചെല്ലേണ്ടവരാണെന്ന ബോധം കൈവിടരുത്. പരലോകത്ത് എത്തിപ്പെടുമ്പോൾ പ്രവാചക തിരുമേനിയും, അവിടുത്തെ സ്വഹാബികളും നിങ്ങളോട് തർക്കിക്കുന്ന ഇടയുണ്ടാകരുത്. നബികുടുംബത്തിന്റെ ഇഷ്ടക്കാരും സഹായികളുമാണ് എന്ന് പറയുമ്പോഴും, അവരെ ആക്ഷേപിക്കാനും, വഞ്ചകരും, ചതിയന്മാരുമായി ചിത്രീകരിക്കാനുമുള്ള നീക്കങ്ങളാണ് നിങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. മരണം സംഭവിക്കും മുമ്പെ, കാര്യങ്ങളെല്ലാം നിങ്ങളുടെ കൈവിട്ടു പോകും മുമ്പെ അല്ലാഹുവിൽ പശ്ചാത്തപിച്ച് മാപ്പിരക്കുക. ചെയ്തുപോയ അവിവേകങ്ങളുടെ പേരിൽ അവസാന നാളിൽ ഖേദിച്ചു കരയാതിരിക്കാൻ അതാണ് നിങ്ങൾക്കു നല്ലത്.

അല്ലാഹുവേ, എല്ലാത്തരം വഴികേടിൽ നിന്നും വ്യതിയാനങ്ങളിൽ നിന്നും ഞങ്ങളെ നീ സംരക്ഷിച്ചാലും. നിന്റെ ഹബീബായ റസൂലിന്റെ വിശുദ്ധരായ സ്വഹാബികളോട് മുഴുവൻ ഞങ്ങൾക്ക് പ്രിയമാണ്. അവർക്ക് നീ നൽകിയ പദവികളെ ആദരിക്കുന്നവരാണ്. സ്വഹാബികളുടേതാണ് ഉത്തമ തലമുറ. അവർ തീർച്ചയായും സത്യവ്രതന്മാരായിരുന്നു. അവൻ സന്മാർഗികളായിരുന്നു. അവരുടെ പദവിയിലേക്കുയരാൻ യോഗ്യതയുള്ള ഒരാളും ഞങ്ങളിലില്ല. ഞങ്ങളിൽ നിന്നൊരാൾ ഉഹദ് മലയോളം സ്വർണ്ണം ചെലവഴിച്ചാലും, അവർ ചെലവഴിച്ച ഒരു നാഴിയുടെ അല്ലെങ്കിൽ അരനാഴിയുടെ അയലത്തു പോലും എത്താനാകില്ല. അല്ലാഹുവേ നീ സാക്ഷി.

അല്ലാഹുവേ, മുസ്‌ലിം ഉമ്മത്തിനെ നീ സത്യത്തിലൊരുമിച്ചു നിർത്തേണമേ. ബിദ്അത്തിന്റേയും വഴികേടിന്റേയും ആളുകൾക്ക് നീ ഹിദായത്തിലേക്ക് വഴികാണിക്കേണമേ. സത്യമുൾക്കൊള്ളാൻ, അതിൽ മാത്രം നിലകൊള്ളാൻ, കാരുണ്യവാനായ നാഥാ ഞങ്ങൾക്ക് നീ ഉൾക്കാഴ്ചയേകിയാലും. നിന്റെ വാക്കുകളാണ് സത്യം. നീ മാത്രമാണ് നേർമാർഗത്തിലൂടെ വഴിനടത്തുന്നവൻ.